# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | **പ്രധാനവാർത്തകൾ** | **DATE: 02.02.2026**

1. രാഷ്ട്രപതിയുടെ അഭിസംബോധനയിൻമേലുള്ള നന്ദിപ്രമേയ ചർച്ച പാർലമെൻറിൽ ആരംഭിച്ചു. ചർച്ചയ്ക്കായി 18 മണിക്കൂർ നീക്കിവെച്ചിരിക്കുന്നതായി കേന്ദ്രമന്ത്രി കിരൺ റിജിജു.

2. പരോൾ വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. പയ്യന്നൂർ ബോംബേറ് കേസിൽ പരോൾ അനുവദിച്ചത് ചട്ടപ്രകാരമെന്ന് മന്ത്രി എം ബി രാജേഷ്.

3. കുടിവെള്ളം സാമൂഹിക അവകാശമായി കണക്കാക്കി എല്ലാവർക്കും സുരക്ഷിത കുടിവെള്ളം ഉറപ്പാക്കുകയാണ് സർക്കാരിൻറെ നയമെന്ന് മന്ത്രി കെ രാജൻ.

4. സംസ്ഥാനത്ത് എസ് ഐ ആറിൻറെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക ഈ മാസം 21 പ്രസിദ്ധീകരിക്കും. പരാതികൾ സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചെങ്കിലും അപേക്ഷകൾ സമർപ്പിക്കാൻ അവസരമുണ്ടാകുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ.

RNU TVPM

5. **ശബരിമല സ്വർണ്ണ അപഹരണ കേസിൽ ദേവസ്വം ബോർഡ് മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാറിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു.**

6. **സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ കേരളം നാളെ അസമിനെ നേരിടും.**

## പാർലമെൻറ്

പാർലമെൻറിൽ രാഷ്ട്രപതിയുടെ അഭിസംബോധനയിൻമേലുള്ള നന്ദിപ്രമേയ ചർച്ച ആരംഭിച്ചു. ലോക്സഭയിൽ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളാണ് ചർച്ചയ്ക്ക് തുടക്കമിട്ടത്. രാജ്യസഭയിൽ ബി ജെ പി അംഗം

സി. സദാനന്ദൻ മാസ്റ്ററും നന്ദിപ്രമേയം അവതരിപ്പിക്കും. നന്ദിപ്രമേയ ചർച്ചയ്ക്കായി 18 മണിക്കൂർ നീക്കിവെച്ചിരിക്കുന്നതെന്ന് കേന്ദ്ര പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു പാർലമെന്റിന്റെ പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഈ മാസം 13 വരെയാണ് ബജറ്റ് സമ്മേളനത്തിൻറെ ഒന്നാംഘട്ടം. മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെയാണ് രണ്ടാം ഘട്ടം. രണ്ടുഘട്ടങ്ങളിലുമായി 30 ദിവസമാണ് ഇരുസഭകളും ചേരുക.

RNUTVPM

## നിയമസഭ

നിയമസഭയിൽ പ്രതിപക്ഷ ബഹളം. പരോൾ വിഷയത്തിൽ പ്രതിപക്ഷം കൊണ്ട് വന്ന അടിയന്തര പ്രമേയ നോട്ടീസ് സ്പീക്കർ തള്ളിയതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ ബഹളം വച്ചത്. പയ്യന്നൂരിൽ പോലീസിനു നേരെ ബോംബെറിഞ്ഞ കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികൾക്ക് പരോൾ നൽകുന്നതിന് പൊലീസ് കൈക്കൂലി വാങ്ങിയ സംഭവം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് കെ.കെ രമയാണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. എന്നാൽ വിഷയം അടിയന്തര പ്രാധാന്യമില്ലാത്തതിനാൽ നോട്ടീസ് പരിഗണിക്കാൻ നിർവാഹമില്ലെന്ന് സ്പീക്കർ അറിയിക്കുകയായിരുന്നു. സ്പീക്കറുടെ നടപടിയ്ക്കെതിരെ പ്രതിപക്ഷം സഭയുടെ നടുത്തളത്തിൽ ഇറങ്ങി പ്രതിഷേധിക്കുകയായിരുന്നു. പയ്യന്നൂരിലെ പ്രതികൾക്ക് പരോൾ അനുവദിച്ചത് ചട്ടപ്രകാരമാണെന്ന് മന്ത്രി എം ബി രാജേഷ് സഭയിൽ അറിയിച്ചു. അതെസമയം, സംസ്ഥാന ബജറ്റിൻമേലുള്ള പൊതു ചർച്ച സഭയിൽ ഇന്ന് ആരംഭിച്ചു.

RNU TVPM

## ചോദ്യോത്തര വേള-ഒ.ആർ.കേളു(ഇൻട്രോ)

പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഐശ്വര്യ ഗ്രാമം പദ്ധതിയ്ക്ക് തുടക്കം കുറിച്ചതായി മന്ത്രി ഒ ആർ കേളു നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു. വനാവകാശ നിയമപ്രകാരം 4,185 കുടുംബങ്ങൾക്കായി 4552.19 ഏക്കർ ഭൂമി നൽകിയതായും മന്ത്രി, സഭയെ അറിയിച്ചു.

**(വോയിസ്)**

❋❋❋❋❋❋❋❋❋❋❋❋❋

**ചോദ്യോത്തര വേള-കെ.രാജൻ (ഇൻട്രോ)**

RJU TVPM

കുടിവെള്ളം സാമൂഹിക അവകാശമായി കണക്കാക്കി എല്ലാവർക്കും സുരക്ഷിത കുടിവെള്ളം ഉറപ്പ് വരുത്തുക എന്നതാണ് സർക്കാരിൻറെ പ്രഖ്യാപിത നയമെന്ന് മന്ത്രി കെ രാജൻ നിയമസഭയിൽ പറഞ്ഞു. അശാസ്ത്രീയമായ കുഴൽക്കിണർ നിർമ്മാണം തടയുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നതായും അദ്ദേഹം അറിയിച്ചു.

**(വോയിസ്)**

❋❋❋❋❋❋❋❋❋❋❋❋❋

**തീവ്രവോട്ടർ പട്ടിക**

സംസ്ഥാനത്ത് SIR ൻറെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക ഈ മാസം 21 പ്രസദ്ധീകരിക്കും. ഇതുവരെ ലഭിച്ച

അംഗീകരിക്കപ്പെട്ട അപേക്ഷകൾ ഉൾപ്പെടുത്തിയാകും പട്ടിക പ്രസദ്ധീകരിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ അറിയിച്ചു. പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചെങ്കിലും പൊതുജനങ്ങൾക്ക് തുടർന്നും അപേക്ഷകൾ സമർപ്പിക്കാൻ അവസരമുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**ഭിന്നശേഷി സംവരണം**

കേരളത്തിലെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിക്കും. അനുകൂല ഉത്തരവ് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. കോടതിഅനുമതി ലഭിച്ചാൽ ഏകദേശം 22,000-ത്തോളം അധ്യാപകർക്ക് നിയമന തീയതി മുതൽ സ്ഥിരനിയമനം നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല സ്വർണക്കൊള്ള**

RNUTVPM

ശബരിമല സ്വർണ്ണ അപഹരണ കേസിൽ ദേവസ്വം ബോർഡ് മുൻ എക്സിക്യൂട്ടീവ് ഓഫീസർ സുധീഷ് കുമാറിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു. രണ്ടു കേസുകളിലും ജാമ്യം ലഭിച്ച സുധീഷ് കുമാർ ഇന്ന് ജയിൽ മോചിതനാകും. അതെസമയം, കേസിൽ ഉണ്ണികൃഷ്ണൻ പോറ്റിയുടെ ജാമ്യപേക്ഷയിൽ ബുധനാഴ്ച്ച വിജിലൻസ് കോടതി വാദം കേൾക്കും. ദേവസ്വം ബോർഡ് മുൻ പ്രസിഡൻറും തിരുവാഭരണ കമ്മീഷണറുമായിരുന്ന എൻ വാസുവിനെ 14 ദിവസത്തേയ്ക്ക് വീണ്ടും റിമാൻഡ് ചെയ്തു. ദ്വാരപാലക ശില്പ കേസിൽ തന്ത്രി കണ്ഠരര് രാജീവര് ജാമ്യപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

RNU TVPM

**ഡോക്ടർമാരുടെ സമരം**

സംസ്ഥാനത്ത് സർക്കാർ ഡോക്ടർമാരുടെ അനിശ്ചിതകാല സമരം ആരംഭിച്ചു. ഒപി ബഹിഷ്കരിച്ചാണ് സമരം. ശമ്പളക്കുടിശിക വിതരണം, പുതിയ നിയമനങ്ങളിലെ കാലതാമസം തുടങ്ങിയവയിൽ പ്രതിഷേധിച്ചാണ് സമരം. കാഷ്വാലിറ്റി, ലേബർ റൂം, ഐസിയു, അടിയന്തിര ശസ്ത്രക്രിയകൾ എന്നിവയെ സമരത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

## എസ്എ സ്എൽസി

സംസ്ഥാനത്ത് എസ്എ സ്എൽസി ഐടി പരീക്ഷകൾക്ക് ഇന്നു തുടക്കമായി. മോഡൽ പരീക്ഷ 16 മുതൽ 20 വരെ നടക്കും.

എസ്എ സ്എൽസി, ടിഎച്ച്എസ്എൽ സി, എഎച്ച്എസ്എൽസി പരീക്ഷകൾ അടുത്തമാസം 5 മുതൽ 30 വരെ നടക്കും. ഏപ്രിൽ 7 മുതൽ 25 വരെയാണ് മൂല്യനിർണയ നടപടികൾ. മേയ്- 8ന് പരീക്ഷാ ഫലം പ്രഖ്യാപിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## സി ജെ റോയി-മുഖ്യമന്ത്രി കത്ത്

കോൺഫിഡൻറ് ഗ്രൂപ്പ് ചെയർമാൻ സി ജെ റോയിയുടെ അസ്വാഭാവിക മരണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രധനമന്ത്രി നിർമ്മലാസീതാരാമന് കത്തയച്ചു. പ്രത്യേക ജുഡീഷ്യൽ അന്വേഷണത്തിന് നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹം അഭ്യർഥിച്ചു. കഴിഞ്ഞ മാസം 30-നാണ് സി.ജെ റോയിയെ മരിച്ച നിലയിൽ കണ്ടെത്തിയത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## പാലക്കാട് (ഇൻട്രോ)

സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യത വരാതെ നെല്ല് സംഭരണത്തിന് സംവിധാനം നിർദ്ദേശിക്കുന്ന വിദഗ്ദ്ധ സമിതി റിപ്പോർട്ട് മന്ത്രി സഭ അംഗകരിച്ചു. സമിതി ശുപാർശകൾ അടുത്ത സീസൺ മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കാനാണ് തീരുമാനം.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്........***

***(വോയിസ്)***

**ഇ.ശ്രീധരൻ**

അതിവേഗ റെയിൽ പദ്ധതിക്കായുള്ള ഇ.ശ്രീധരൻറെ ഓഫീസ് മലപ്പുറം പൊന്നാനിയിൽ പ്രവർത്തനം ആരംഭിച്ചു. പദ്ധതിക്കായി അഞ്ചുമാസം കൊണ്ട് ഡിപിആർ തയ്യാറാക്കുമെന്നും റയിൽവേ മന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് മുന്നോട്ട് പോകുന്നതെന്നും ഇ ശ്രീധരൻ അറിയിച്ചു.

**തണ്ണീർത്തട ദിനം(ഇൻട്രോ)**

ഇന്ന് ലോക തണ്ണീർത്തട ദിനം. രാജ്യമെമ്പാടും വിപുലമായ പരിപാടികളാണ് ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചിരിക്കുന്നത്. തണ്ണീർത്തടങ്ങളും പാരമ്പര്യ

PNUTVPM

അറിവുകളും എന്നതാണ് ഈ വർഷത്തെ പ്രമേയം. ആവാസവ്യവസ്ഥയിൽ സുപ്രധാന പങ്കുവഹിക്കുന്ന തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിന് ഇത്തരം ദിനാചരണങ്ങൾക്ക് പ്രാധാന്യം ഏറുന്നതായി പക്ഷിഗവേഷകനും പരിസ്ഥിതി പ്രവർത്തകനുമായ

സി. സുശാന്ത് ആകാശവാണി വാർത്തകളോട് പറഞ്ഞു. **(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**സന്തോഷ് ട്രോഫി**

സന്തോഷ് ട്രോഫി ഫുട്ബോളിൽ നാളെ നടക്കുന്ന ക്വാർട്ടർ ഫൈനലിൽ ഗ്രൂപ്പ് ചാമ്പ്യന്മാരായ കേരളം അസമിനെ നേരിടും. അസമിലെ സിലാപത്തർ രാജീവ് ഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**കേരള കുംഭമേള**

ദക്ഷിണകാശി എന്നറിയപ്പെടുന്ന തിരുനാവായ ത്രിമൂർത്തി സംഗമ സ്ഥാനത്ത് നടക്കുന്ന കേരള കുംഭമേളയ്ക്ക് നാളെ സമാപനം. സമാപന ചടങ്ങുകളിൽ 2 ലക്ഷത്തിലേറെ പേർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ. മാഘമാസത്തിലെ മകം നക്ഷത്രം, ദ്വിതീയ തിഥി എന്നീ അത്യന്തം

ശ്രേഷ്ഠമായ ദിനത്തിലാണ് മഹാമാഘത്തിന്റെ സമാപനം കുറിക്കുന്നത്.

## കൂൺ കൃഷി

സംസ്ഥാനത്ത് കൂൺ കൃഷി കൂടുതൽ ശാസ്ത്രീയമായി വ്യാപിപ്പിക്കുന്നതിന് വിവിധ ജില്ലകളിൽ നിന്നുള്ള കൂൺ കർഷകർ, സംരംഭകർ എന്നിവർ അടങ്ങുന്ന 25 പേരുടെ ആദ്യ സംഘം ഹിമാചൽ പ്രദേശിലേക്ക് യാത്ര തിരിച്ചു. സോളനിലെ ഡയറക്ടറേറ്റ് ഓഫ് മഷ്റൂമിലാണ് ഒരാഴ്ചത്തെ പരിശീലനം നടക്കുന്നത്. ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കുന്ന സമഗ്ര കൂൺ ഗ്രാമം പദ്ധതിയുടെ ഭാഗമായുള്ള തുടർപരിശീലന പരിപാടികളുടെ ഭാഗമായാണ് പഠനയാത്ര.

RNU TVPM

## ഓഹരി/സ്വർണ വില

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 322 പോയിൻറ് ഉയർന്ന് 81 ആയിരത്തി 45 ലും നിഫ്റ്റി 59 പോയിൻറ് വർധിച്ച് 24,885 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 6,640 രൂപ താഴ്ന്ന്

ഒരു ലക്ഷത്തി 11,120 രൂപയും ഗ്രാമിന് 13,890 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM